അനൗദ്യോഗിക ചെയർമാൻമാരുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

106 [4862] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അനൗദ്യോഗിക ചെയർമാൻമാരുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനൗദ്യോഗിക ചെയർമാൻമാർ കൈപ്പറ്റിയ ഓണറേറിയം, ടി. എ., മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവയും അവരുടെ പേരിൽ ചെലവഴിച്ച അതിഥി സൽക്കാര ചെലവുകൾ, ടെലിഫോൺ ചെലവുകൾ, വാഹന ചെലവുകൾ എന്നിവയും എത്രയാണെന്ന് സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) മേൽ ചെലവുകൾക്ക് സർക്കാർ തലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ട്രാക്കോ കേബിൾ കമ്പനി

107 [4870] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ കമ്പനിക്ക് എത്ര യൂണിറ്റുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നത് എന്നും വ്യക്തമാക്കാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ 1996-97 സാമ്പത്തിക വർഷം മുതൽ 2002-2003 സാമ്പത്തിക വർഷം വരെ ഉണ്ടാക്കിയിട്ടുള്ള ലാഭം/നഷ്ടം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2000-2001 വർഷം വരെ ലാഭകരമായിരുന്ന കമ്പനിക്ക് ഇത്രയും വലിയ നഷ്ടമുണ്ടായത് എങ്ങനെ എന്ന് വിശദമാക്കാമോ;

(ഡി) കമ്പനിക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ എങ്ങനെയാണ് ലഭ്യമാക്കുന്നത്;

(ഇ) ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകമായാണോ അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നത്;

(എഫ്) ഇവയുടെ പർച്ചേസ് ബില്ലുകൾ അതാത് യൂണിറ്റുകളിൽ ആണോ പാസ്സാക്കാറുള്ളത് എന്ന് വ്യക്തമാക്കാമോ;

(ജി) ഇങ്ങനെ യൂണിറ്റുകളിലെ പർച്ചേസ് രജിസ്റ്റർ പ്രകാരം യൂണിറ്റുകളിൽ നിന്ന് റിജക്ട് ചെയ്യുകയോ യൂണിറ്റുകളിൽ ലഭിക്കാതിരിക്കുകയോ ചെയ്ത വസ്തുക്കൾക്ക് ബില്ലുമാറി നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ആവശ്യമായ ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽനിന്നും രജിസ്റ്റർ ചെയ്ത സാധനങ്ങൾക്ക്, പെർഫ്യൂമറീസിൽ നിന്നും ബില്ല് മാറി നൽകിയതായുള്ള യൂണിയനുകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഇതിൻമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ട്രാക്കോ കേബിൾ കമ്പനിക്ക് രണ്ട് യൂണിറ്റുകളുണ്ട്. ഒന്ന് ഇരുമ്പനത്തും (എറണാകുളം ജില്ല) രണ്ടാമത്തേത് തിരുവല്ല (പത്തനംതിട്ട ജില്ല) യിലുമാണ്.

(ബി) കഴിഞ്ഞ രണ്ടു വർഷമായി കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ലാഭം/നഷ്ടം ഇവ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കമ്പനിയുടെ പ്രധാന ഉൽപ്പന്നമായ ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളിന്റെ ഉപയോഗം/ഡിമാന്റിൽ ഉണ്ടായ കുറവ്, വിപണിയിലെ കടുത്ത മൽസരം മൂലം ഉൽപ്പന്ന വിലയിലുണ്ടായ തകർച്ച എന്നീ കാരണങ്ങൾ കൊണ്ടാണ് കമ്പനിക്ക് കഴിഞ്ഞകാലങ്ങളിൽ നഷ്ടമുണ്ടായത്.

(ഡി) അംഗീകരിക്കപ്പെട്ട ഉൽപ്പാദകർ/വിതരണക്കാർ എന്നിവരിൽ നിന്നും ടെൻഡർ/ക്വട്ടേഷൻ അടിസ്ഥാനത്തിൽ കമ്പനിയുടെ പർച്ചേസ് പ്രൊസീഡർ അനുസരിച്ചാണ് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നത്.

(ഇ) തിരുവല്ല യൂണിറ്റിൽ ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളും ഇരുമ്പനം യൂണിറ്റിൽ ബെയർ കണ്ടക്ടറുകളും പവർ കേബിളുകളും ജെല്ലി ഫിൽഡ് ടെലിഫോൺ കേബിളുകളും ഉൽപ്പാദിപ്പിക്കുന്നു. രണ്ടു യൂണിറ്റുകളിലും പൊതുവായി വേണ്ട അസംസ്കൃതവസ്തുക്കൾക്ക് പൊതുവായി ടെണ്ടർ വിളിക്കുകയും അല്ലാത്തവ അതാത് യൂണിറ്റുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം ടെണ്ടർ വിളിച്ച് ലഭ്യമാക്കുകയും ചെയ്യുന്നു.

(എഫ്) ലോക്കൽ പർച്ചേസ് ഒഴികെയുള്ള എല്ലാ പർച്ചേസ് ബില്ലുകളും കമ്പനിയുടെ എറണാകുളത്തെ കോർപ്പറേറ്റ് ഓഫീസിലാണ് പാസ്സാക്കുന്നത്.

(ജി) ഇല്ല. എന്നാൽ 2001-2002, 2002-2003 എന്നീ വർഷങ്ങളിലെ പാക്കിംഗ് മെറ്റീരിയൽസിന്റെ ചില ബില്ലുകളിൽ കൃത്രിമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടന്നുവരുന്നു.

(എച്ച്) ഉണ്ട്.

(ഐ) മേൽപ്പറഞ്ഞ കൃത്രിമങ്ങൾ സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന് സർക്കാർ നിർദ്ദേശം ചെയ്തിട്ടുണ്ട്.

നീറ്റുകക്ക നിർമ്മാണ വ്യവസായം

108 [4875] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചകക്ക നീറ്റി നീറ്റുകക്കയും കുമ്മായവും നിർമ്മിച്ച് വ്യവസായം നടത്തുന്ന എത്ര പേർ ഓരോ ജില്ലയിലുമുണ്ടെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 8 (4864) കാണുക]

KAL-ന്റെ കഴിഞ്ഞ 5 വർഷത്തെ വരവ്, ചിലവ്, ലാഭം, നഷ്ടം എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്

വർഷം	വരവ് (ലക്ഷത്തിൽ)	ചിലവ് (ലക്ഷത്തിൽ)	ലാഭം (ലക്ഷത്തിൽ)
1998-1999	4,477.28	4,337.00	140.28
1999-2000	4,846.18	4,435.83	410.35
2000-2001	3,883.42	3,618.40	265.02
2001-2002	4,479.40	4,231.50	247.90
2002-2003	4,726.22	4,436.30	289.92

(ആഡിറ്റിന് വിധേയം)

അനുബന്ധം II

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 107 (4870) കാണുക]

വർഷം	ലാഭം (ലക്ഷത്തിൽ)	നഷ്ടം (ലക്ഷത്തിൽ)
1996-1997	40.36	..
1997-1998	..	1007.83
1998-1999	130.61	..
1999-2000	916.67	..
2000-2001	434.36	..
2001-2002	..	901.83 (പ്രൊവിഷണൽ)
2002-2003	..	862.41 (പ്രൊവിഷണൽ)

അനുബന്ധം III

[4-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 119 (4895) കാണുക]

വികലാംഗർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

1. വികലാംഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ്.—കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ കവിയാത്തവരും മുൻ വാർഷിക പരീക്ഷയിൽ 40%-ത്തിൽ കുറയാത്ത മാർക്കോടുകൂടി വിജയിക്കുന്നവരുമായ വികലാംഗ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന വിധം സ്കോളർഷിപ്പ് നൽകിവരുന്നു:

ക്ലാസ്	സ്കോളർഷിപ്പ്	റിക്രസിറ്റ് അലവൻസ്
1 മുതൽ 4 വരെ	30 രൂപ പ്രതിമാസം	25 രൂപ പ്രതിമാസം
5 „ 8 „	45 „	40 „

LIBRARY ARCHIVES Kerala Legislative Assembly